പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ :5276

15.11.2019-ൽ
മറുപടിയ്ക്ക്

## കേരള ടെക്നിക്കൽ യൂണിവേഴ്സിറ്റിയിൽ എക്സാമിനേഷൻ മാനേജ്മെന്റ് കമ്മിറ്റി

*ചോദ്യം*

ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ
ശ്രീ.സണ്ണി ജോസഫ്
ശ്രീ.കെ.സി.ജോസഫ്
ശ്രീമതി.ഷാനിമോൾ ഉസ്മാൻ

*ഉത്തരം*

ഡോ.കെ.ടി. ജലീൽ
(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരള ടെക്നിക്കൽ യൂണിവേഴ്സിറ്റിയിൽ എക്സാമിനേഷൻ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ; ആരൊക്കെയാണ് പ്രസ്തുത കമ്മിറ്റിയിലെ അംഗങ്ങൾ; കമ്മിറ്റിയുടെ ചുമതലകൾ എന്തൊക്കെയാണ്; | (എ) | ഉണ്ട്. 24/06/2017 ൽ വൈസ് ചാൻസലർ ആയിരുന്ന ഡോ. കുഞ്ചറിയ പി. ഐസക്കിന്റെ അധ്യക്ഷതയിൽ കൂടിയ അക്കാഡമിക് കമ്മിറ്റിയുടെ തീരുമാനപ്രകാരം പ്രൊ വൈസ് ചാൻസലർ ചെയർമാനും, കൺട്രോളർ ഓഫ് എക്സാമിനേഷൻസ് കൺവീനറും, ഡീൻ അക്കാഡമിക്, ഡീൻ റിസെർച്ച്, രജിസ്ട്രാർ എന്നിവർ അംഗങ്ങളുമായുള്ള കമ്മിറ്റി രൂപീകരിക്കാനാണ് തീരുമാനിച്ചത്. ചോദ്യ പേപ്പർ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ടും ഫലപ്രഖ്യാപനത്തിലെ കാലതാമസത്തെ കുറിച്ചുമെല്ലാം വ്യാപകമായ പരാതികൾ ഉയർന്നു വന്നതിനെ തുടർന്ന് പരീക്ഷാ സംബന്ധമായ കാര്യങ്ങളിൽ, കൺട്രോളർ ഓഫ് എക്സാമിനേഷൻസിന് സാധ്യമായ |

| | | | |
|---|---|---|---|
| | | | പരമാവധി സഹായം നൽകുവാൻ വേണ്ടിയാണ് ഈ കമ്മിറ്റി രൂപീകരിച്ചത്. |
| (ബി) | ഇത്തരത്തിൽ ഒരു കമ്മിറ്റി രൂപീകരിക്കണമെന്ന നിർദ്ദേശം ഏത് തലത്തിൽ നിന്നാണ് ഉണ്ടായത്; | (ബി) | 24/06/2017 ൽ വൈസ് ചാൻസലർ ആയിരുന്ന ഡോ. കുഞ്ചറിയ പി. ഐസക്കിന്റെ അധ്യക്ഷതയിൽ കൂടിയ അക്കാഡമിക് കമ്മിറ്റിയുടെ നിർദ്ദേശപ്രകാരമാണ് ഈ കമ്മിറ്റി രൂപീകരിച്ചത്. |
| (സി) | സിൻഡിക്കേറ്റിൽ ഇക്കാര്യം ചർച്ച ചെയ്തിട്ടില്ലെങ്കിൽ എന്തുകൊണ്ട് എന്ന് അറിയിക്കാമോ : | (സി) | സിൻഡിക്കേറ്റിൽ ഇക്കാര്യം ചർച്ച ചെയ്തിട്ടില്ല. അക്കാഡമിക് കമ്മിറ്റി എടുത്ത തീരുമാനമായതിനാലും സിൻഡിക്കേറ്റിൽ ചർച്ച ചെയ്യണമെന്ന് അക്കാഡമിക് കമ്മിറ്റി നിർദ്ദേശിച്ചിട്ടില്ലാത്തതിനാലും സിൻഡിക്കേറ്റിൽ ഇക്കാര്യം ചർച്ച ചെയ്തിട്ടില്ല. |
| (ഡി) | ഇപ്രകാരം ഒരു കമ്മിറ്റി രൂപീകരിക്കുവാൻ യൂണിവേഴ്സിറ്റിയുടെ പ്രോ വൈസ് ചാൻസലർ ടെക്നിക്കൽ യൂണിവേഴ്സിറ്റിയുടെ വി.സി.യ്ക്ക് നിർദ്ദേശം നൽകിയിരുന്നോ; എങ്കിൽ ഇത്തരം ഒരു നിർദ്ദേശം നൽകുന്നതിന് പ്രോ വൈസ് ചാൻസലർക്ക് അധികാരം ഉണ്ടോ എന്നറിയിക്കാമോ; | (ഡി) | ഇല്ല. വൈസ് ചാൻസലർക്ക് നിർദ്ദേശം നൽകുന്നതിന് പ്രൊ വൈസ് ചാൻസലർക്ക് അധികാരമില്ല. |
| (ഇ) | സ്വയംഭരണ സ്ഥാപനമായ യൂണിവേഴ്സിറ്റിയുടെ പരീക്ഷാ നടത്തിപ്പ് തുടങ്ങിയ കാര്യങ്ങളിൽ ഇടപെടാൻ പ്രോ വൈസ് ചാൻസലർക്ക് ഏത് | | യൂണിവേഴ്സിറ്റിയുടെ പരീക്ഷാനടത്തിപ്പ് ഉൾപ്പെടെയുള്ള ഏതു കാര്യങ്ങളിലും വൈസ് ചാൻസലറുടെ അനുവാദത്തോടെ ഇടപെടാൻ സർവകലാശാല ആക്ട് |

| | | | |
|---|---|---|---|
| | നിയമപ്രകാരമാണ് അധികാരം നൽകിയിട്ടുള്ളത്; വിശദമാക്കാമോ? | | പ്രകാരം പ്രൊ വൈസ് ചാൻസലർക്ക് അധികാരമുണ്ട്. |

സെക്ഷൻ ഓഫീസർ